## Chapter - VIII

# ഉപസംഹാരം

എന്റെ ജ്യേഷ്ഠത്തി കമല മരിച്ചത് മെയ്മാസം ജൂണിലേയ്ക്കു പകരുന്ന ഒരു രാത്രിയിലായിരുന്നു. മെയ്മാസത്തിൽ പൂത്തുലയുന്ന ഗുൽമോഹർ മരങ്ങൾ ജൂണിലെ കോരിച്ചൊരിയുന്ന മഴയിൽ കത്തിനിൽക്കുന്ന ഓറഞ്ച് പൂക്കളെ ഭൂമീദേവിയുടെ നെഞ്ചത്തർപ്പിക്കും. എന്നിട്ട് പുതിയ ഇലകൾക്കും കായ്കൾക്കും വിത്തുകൾക്കുമുള്ള തപസ്സാരംഭിക്കും. ആമിയോപ്പു തിരുവനന്തപുരത്ത് പാളയം പള്ളിപ്പറമ്പിൽ ഒരു ഗുൽമോഹറിന്റെ കാൽക്കൽ അന്ത്യവിശ്രമം കൊള്ളുന്നു.

ഞാനന്നേരം ബാംഗ്ലൂരിലായിരുന്നു. മരിക്കുന്നതിന് രണ്ടാഴ്ച മുൻപ് ഞാൻ ആമിയോപ്പുവിനെ പോയികണ്ടു. ഒരു ശനിയാഴ്ച പോയി ഞായറാഴ്ച തിരിച്ചു പോന്നു. കാലത്ത് ഏഴുമണിക്കാണ് പൂനെയിലെത്തിയത്. നേരെ ആസ്പത്രിയി



കമല, സുലോചന.





ലേയ്ക്കുചെന്നു. "സന്ദർശക സമയമൊന്നും നോക്കണ്ട, സുലേടത്തി ഡോക്ടറാണെന്നു പറഞ്ഞ് നേരെയിങ്ങു പോരൂ," ജയസൂര്യ പറഞ്ഞു. മുറിയിലെത്തിയപ്പോൾ ആമിയോപ്പു ഉണർന്നു കിടക്കുകയായിരുന്നു, രാവിലെ തന്നെ സ്പഞ്ചിങ്ങും മറ്റും കഴിഞ്ഞ് പൗഡറിന്റെ സുഗന്ധം പരത്തിക്കൊണ്ട്. എന്റെ ജ്യേഷ്ഠത്തിക്കെന്നും നല്ല മണമാണ്. കാണാൻ വീട്ടിലെത്തി കെട്ടിപ്പിടിക്കുമ്പോഴും ഒരു നൂറു വസന്തങ്ങളുടെ സുഗന്ധമാണാ മേനിക്ക്. "സുലു വരുമെന്നു പറഞ്ഞ് നാലുമണിമുതൽ ഉണർന്നു കിടപ്പാണ് അമ്മ." ഷോഡുക്കുട്ടി അറിയിച്ചു.

"ഇതെന്റെ അനിയത്തി," രാത്രി ഡ്യൂട്ടിചെയ്ത വർഷ എന്ന നഴ്സിന് ക്ഷീണസ്വരത്തിൽ ആമിയോപ്പു എന്നെ പരിചയപ്പെടുത്തി. എന്നിട്ട് പറഞ്ഞു, "സുലു നീ വന്നല്ലോ, ഇനി പോവാനെനിക്ക് വിരോധമില്ല."

നാൽപ്പത്തിരണ്ടു കൊല്ലം മുൻപത്തെ ഒരു മെയ്മാസത്തിൽ ഞാൻ കോഴിക്കോട്ട് ബാൽരാജിന്റെ നഴ്സിംഗ്ഹോമിൽ പ്രവേശിക്കപ്പെട്ട അച്ഛനെ കാണാൻ മൂന്നാറിൽ നിന്നെത്തി. അതൊരു ഞായറാഴ്ചയായിരുന്നു. എന്നെ കണ്ടപ്പോൾ കൈപിടിച്ച് അച്ഛൻ പറഞ്ഞു.

"സുലേട്ത്തി വന്നു. എനിക്കൊക്കെ മാറി. ആ ബാൽരാജിനോട് പറഞ്ഞ് നീയെന്നെ വീട്ടില് കൊണ്ടോവ്....."

ചുറ്റും അച്ഛന്റെ ജീവൻ നിലനിർത്താൻ ശരീരത്തിലൂടെ ബന്ധപ്പെട്ടോടുന്ന റബ്ബർ ട്യൂബുകളുടെ പരിവേഷമുണ്ടായിരുന്നു- വർഷം 1977.

അന്നത്തെയാ ദൃശ്യംപോലെ ഉയർന്ന ആശുപത്രിക്കട്ടിലിൽ പല ട്യൂബുകൾ, ഓക്സിജൻ മാസ്ക്, മോണിറ്റർ എന്നിവയാൽ ചൂഴ്ന്നായിരുന്നു 2009 ൽ ആമിയോപ്പുവിന്റെ കിടപ്പ്. അതേസമയത്ത് കൊച്ചിയിൽ അമൃതാ ഹോസ്പിറ്റലിൽ ഏകദേശ മതേ കിടപ്പു കിടക്കുന്ന സുന്ദരേട്ടന്റെ രൂപവും അനുവാദം ചോദിക്കാതെ മനസ്സിൽ പ്രവേശിച്ചു. എന്റെ ജ്യേഷ്ഠത്തിയുടെ വലതുകൈ തലോടി നിന്ന എന്നോട് ആമിയോപ്പു ഉണ്ണിയുടെ അസുഖത്തെപ്പറ്റി അന്വേഷിച്ചു. കുട്ടികളെയും പേരമക്കളെയുംപറ്റി ചോദിച്ചു. കൂടുതൽ സംസാരിക്കുമ്പോൾ അധികം ഓക്സിജൻ കൊടുക്കേണ്ടിവരുന്നുവെന്നുകണ്ട് പിന്നെ കണ്ണടച്ചുകിടന്നു. ഉറങ്ങാനുള്ള മരുന്നുകൊടുക്കുകയും ചെയ്തു.

വൈകുന്നേരം ആറരവരെ ഞാനവിടെയിരുന്നു. ഡോക്ടർ നായിക്കിനെ കണ്ടു. ചിന്നൻ പതിനൊന്നു മണിയോടെ അമ്മയെ കാണാനെത്തി. ഡോക്ടർ വന്നുപോയ ശേഷം ഷോഡു കാന്റീനിൽ നിന്ന് എനിക്കായി സാൻഡ്വിച്ചുകൾ വാങ്ങിക്കൊണ്ടുവന്നു. അതിൽപ്പിന്നെ തലേന്നുരാത്രി ഉറക്കമൊഴിച്ച ഷോഡു വീട്ടിലേയ്ക്കു പോയി. ഞാൻ ആമിയോപ്പുവിനെ തൊട്ടിരുന്ന് നാമംചൊല്ലി. ഞങ്ങൾ രണ്ടുപേർക്കുമറിയാവുന്ന ദേവീകവചം. വിഷ്ണു ഭുജംഗത്തിലെ മഹാവിഷ്ണുവിന്റെ വർണ്ണന. അന്നുരാത്രി ദേവിയുടെയും സുന്ദരിക്കുട്ടികളുടെയും കൂടെ താമസിച്ച് ഞാൻ ബാംഗ്ലൂരിലേയ്ക്കു മടങ്ങി.

മുപ്പതാം തീയ്യതി വൈകുന്നേരം ഫോൺ ചെയ്തപ്പോൾ അമ്മ വിളിച്ചാലും തൊട്ടാലുമൊന്നും റെസ്പോൺഡ് ചെയ്യുന്നില്ല എന്ന് ഷോഡു അറിയിച്ചു. കുട്ടിയുടെ ശബ്ദത്തിൽ പതർച്ചയുണ്ടായിരുന്നു. ഉറക്കുമരുന്നിന്റെയാണോ എന്നുചോദിച്ചു. അല്ല, ഡോക്ടർ നായിക്ക് വന്നു നോക്കിയിരുന്നു.

റെസ്പോൺസ് കുറവാണെന്നു തന്നെ പറഞ്ഞുവെന്നായിരുന്നു മറുപടി. അതിനാൽ രാത്രിയിലെ ഫോൺ  ഞാൻ പ്രതീക്ഷിച്ചതായിരുന്നു. ഫോണിൽ ദേവി പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. "Amma just drifted off suledathy"

ആന്തരികാവയവങ്ങളെല്ലാം നീക്കി എംബാം ചെയ്ത് ജ്യേഷ്ഠത്തിയുടെ ശരീരം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ പൊതു ദർശനത്തിനു വയ്ക്കുന്നുണ്ടെന്നു കേട്ട് ഞാൻ നന്നായിത്തന്നെ കരഞ്ഞു. കുളിമുറിയിൽ കയറി വാതിലടച്ചു കരഞ്ഞു. അതി സുന്ദരിയാണെന്റെ ആമിയോപ്പു. അവസാനം വരെ മുഖത്തിന്റെ തിളക്കമോ ചർമ്മത്തിന്റെ മൃദുത്വമോ കാലത്തിന്റെ കുസൃതികൾക്കു വിട്ടുകൊടുക്കാതെ കാത്തുസൂക്ഷിച്ചു അവർ. ദൈവദത്തമായ ആ സൗന്ദര്യത്തെക്കാൾ എത്രയോ മൂല്യമുള്ള മറ്റെന്തോ ആണ് മനുഷ്യരെ തന്നിലേക്കാകർഷിക്കുന്നതെന്ന സത്യമുൾക്കൊള്ളാൻ ഒരിക്കലുമവർ കൂട്ടാക്കിയില്ല. ഞങ്ങളുടെ അമ്മ മരിച്ചത് എന്റെ വീട്ടിൽ വെച്ചായിരുന്നു. ആമിയോപ്പു കിടന്നപോലെ അമ്മയേയും ഒരു ഐസു പെട്ടിയിൽ ഞങ്ങൾ കിടത്തി. സന്ധ്യകഴിഞ്ഞ് കുറച്ചിരുട്ടിയാണ് ആമിയോപ്പു എത്തിയത്. അമ്മയെ കുനിഞ്ഞൊരു നോക്കുനോക്കി മുഖം പൊത്തി പറഞ്ഞു. "എന്റെ അമ്മയുടെ മുഖം എന്താണിങ്ങിനെ ചാരനിറമായിരിക്കുന്നത്, എനിക്കിത് കാണാൻ വയ്യ!" ഇതുപറഞ്ഞ് ആമിയോപ്പു അകത്തെ മുറിയിലേയ്ക്കു പോയി. മരണം ഇരുണ്ട ചാരനിറം പൂശിയ തന്റെമുഖം ആയിരങ്ങൾ കാണുന്നത് ആമിയോപ്പുവിന് ഇഷ്ട്പ്പെടില്ല എന്നചിന്ത എന്നെ വ്യസനിപ്പിച്ചു.

I dream of obscene hands  
Striding up my limbs and of morgues where the nightlights  
Glow in faces shuttered by the soul's exit

എന്ന വരികൾ തലയിലെത്തി നീറിനിന്നു.

ഹംസഗാനം പാടി നാടകമവസാനിപ്പിച്ച് കമല അരങ്ങൊഴിഞ്ഞു. മുഖമർത്തി തുടച്ചു തുടുപ്പിച്ച്, ചുണ്ടിലൊരു പുഞ്ചിരി ഫിറ്റു ചെയ്ത് പുരാതനമായ പൂനെ നഗരത്തിലെ തണുത്ത കാറ്റിൽ തലമുടി പറത്തി വീൽച്ചെയർ വാക്കർ എന്നീ ഉപാധികൾ വലിച്ചെറിഞ്ഞ് ആമിയോപ്പു ജഹാംഗീർ ആസ്പത്രിയുടെ പടിക്കെട്ടുകളിറങ്ങി നടന്നു. ആ കാൽവെപ്പുകൾ സുദൃഢമായിരുന്നു. പണ്ടേ മുന്നറിയിപ്പുതന്നതാണ്- 'പ്രേമം വേണ്ടെന്നുതോന്നുന്ന നിമിഷം ഞാനങ്ങുപോവും. ജീവിതവും അതിന്റെ പൊട്ടിച്ചിരികളും മടുത്താൽ ഞാനീ പടിയിറങ്ങും......'

ഈ ജന്മത്തിനായി കോട്ടപ്പടിയിൽ നിന്നു സംഘടിപ്പിച്ച നാനാ ഗിൽറ്റു വസ്ത്രങ്ങളും മുഖംമൂടിയും കിരീടങ്ങളും ഒരുഗ്രാം തങ്കത്തിൽപ്പൊതിഞ്ഞ ആഭരണങ്ങളുമൊക്കെ മടുത്തു കാണും.

പൊയ്ക്കോട്ടെ,

പോയി ഇത്തിരി കാർബൺ മോണോക്സൈഡില്ലാത്ത ശുദ്ധവായു ശ്വസി





ച്ചോട്ടെ.

തീരെ ആവശയാവും മുമ്പെഴുതിയതല്ലേ കുരുശിലേറ്റപ്പെട്ടതിന്റെ കഥ?

"I am hard as a nail on the cross  
there are myriad I scariots lurking in the dark  
waiting for the cock's third crowing.  
The cross I lie on resemble the one Jesus used  
but I am too shabby for a resurrection...  
Not even a maggot will grow out of the debris  
of my crucifixion

എന്റെ വ്യഥകൾ എഴുതിത്തീർക്കാൻ കഴിയില്ലായിരന്നുവെങ്കിൽ ജീവിതം ദുസ്സഹമായേനെ എന്നു പറഞ്ഞതും ആമിയോപ്പുവായിരുന്നു. ഒക്കെ കടലാസ്സിലേയ്ക്കു ചൊരിഞ്ഞിട്ടു കഴിഞ്ഞതല്ലേ?

ഇനി പൊയ്ക്കോട്ടെ,

പോയി ഇത്തിരി വിശ്രമിച്ചോട്ടെ.

രക്ഷകനെത്തേടിയുള്ള അലച്ചിലിന്റെ അന്ത്യത്തിൽ പ്രിയമകന്റെ ശക്തവും സ്നേഹ മസൃണവുമായ കരങ്ങളുടെ സുരക്ഷിതത്വത്തിലെത്തിച്ചേർന്ന കമല പഴയൊരു പൂനയെപ്പറ്റിയെഴുതി-

"In silence  
I look on  
Pune, green city,  
have you forgotten how  
I ran across the glade  
my sons in tow  
and the sound of our mixed laughter. I return to you  
old and crippled  
laid out on a bed  
watching the sky  
it's whorls curl and uncurl."

തനിക്ക് ഒരു മതത്തിന്റെയും ശവപ്പെട്ടികളിലേയ്ക്ക് കൈകാലുകൾ മടക്കിയൊടിച്ച് കയറാനാവില്ലെന്നു പറഞ്ഞ കമല, എന്റെ ജ്യേഷ്ഠത്തി, തിരുവനന്തപുരത്തെ ഒരു പള്ളിപ്പറമ്പിൽ അലട്ടില്ലാതെ കിടന്നുറങ്ങിക്കോട്ടെ.

ഈ ജീവിതയുദ്ധത്തിന്റെ ക്ഷീണം തീർത്തോട്ടെ.

അതിനുശേഷം എന്ത് എന്നും പറഞ്ഞുതന്നാണല്ലോ പോയത്-

"After wearying centuries when my name and form cease to be
keep your ear to the ground
I shall be the thrumming of the impatient seed within
the plant, pregnant with next summer's bloom,
the sorrowful wail woven with the breeze.
Harken to it's grief, the threading whorls spiraling down the sky
the shimmer of bluer wings against the ocean's blue,
yes, listen to the sea, don't you hear me sigh?"

I SHALL LIVE ON - 2007

282520